പാഠം 6 ജൂലൈ 29- ആഗസ്റ്റ് 4

# ആ വാഗ്ദത്തത്തിന്റെ മുൻഗണന

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക:**

**ഗലാ. 3:15-20; ഉല്പ. 9:11-17; മത്താ. 5: 17-20; പുറ. 16:22-26; ഉല്പ. 15:1-6.**

**മനഃപാഠവാക്യം : ''അവകാശം ന്യായപ്രമാണത്താൽ എങ്കിൽ വാഗ്ദത്താലല്ല വരുന്നത്; അബ്രഹാമിനോ ദൈവം അതിനെ വാഗ്ദത്തം മൂലം നല്കി" (ഗലാ. 3:18).**

ഒരിക്കൽ ആരോ ഒരു രാഷ്ട്രീയക്കാരനോടു ചോദിച്ചു, "പ്രചാരണ സമയത്ത് നിങ്ങൾ ചെയ്ത വാഗ്ദത്തങ്ങളെല്ലാം നിങ്ങൾ പാലിച്ചുവോ? അവൻ പ്രതികരിച്ചു, "അതേ, കുറഞ്ഞപക്ഷം ഞാൻ പാലിക്കാൻ ഉദ്ദേശിച്ചവയെങ്കിലും".

ആരാണ് ഒരു സമയത്ത് അല്ലെങ്കിൽ മറ്റൊരിക്കൽ വാഗ്ദത്തം ലംഘിക്കാത്തത്? ആരാണ് ഒരു വാഗ്ദത്തം പാലിക്കാത്തത് അല്ലെങ്കിൽ നിങ്ങളോട് ചെയ്ത ഒരു വാഗ്ദത്തം പാലിക്കപ്പെടാത്തത്?

ചിലപ്പോൾ അത് പാലിക്കണം എന്ന് ഉദ്ദേശിച്ചുതന്നെ മനുഷ്യർ വാഗ്ദത്തം ചെയ്യുന്നു, എന്നാൽ, പിന്നീട് അത് പാലിക്കുന്നില്ല; മറ്റുള്ളവരാകട്ടെ വാക്കുകൾ അവരുടെ വായിൽനിന്നും പോയിക്കഴിഞ്ഞും അല്ലെങ്കിൽ അക്ഷരങ്ങൾ അവരുടെ വിരൽത്തുമ്പുകളിൽനിന്നും അതൊരു തികച്ചും കള്ളമാണെന്ന് അറിഞ്ഞുകൊണ്ട് വാഗ്ദത്തം ചെയ്യുന്നു.

ഭാഗ്യവശാൽ നമുക്ക്, ദൈവത്തിന്റെ വാഗ്ദത്തങ്ങൾ തികച്ചും വ്യത്യസ്തമായ ഒരു തരത്തിലാണ്. ദൈവത്തിന്റെ വചനം മാറ്റമില്ലാത്തതും ഉറച്ചതുമാണ്.

"ഞാൻ പ്രസ്താവിച്ചിരിക്കുന്നു; ഞാൻ നിവർത്തിക്കും: ഞാൻ നിരൂപിച്ചിരിക്കുന്നു. ഞാൻ അനുഷ്ഠിക്കും"(യെശ. 46:11) എന്നു ദൈവം പറയുന്നു.

ഈയാഴ്ചയിലെ പാഠത്തിൽ, പൗലൊസ് നമ്മുടെ ശ്രദ്ധയെ അബ്രഹാമിനോടുള്ള ദൈവത്തിന്റെ വാഗ്ദത്തവുമായുള്ള ബന്ധവും 430 വർഷങ്ങൾക്കുശേഷം യിസ്രായേലിനു കൊടുത്ത ന്യായപ്രമാണവും തമ്മിലുള്ള ബന്ധത്തിലേക്കു ക്ഷണിക്കുന്നു. അവ രണ്ടും തമ്മിലുള്ള ബന്ധത്തെ എങ്ങനെ മനസ്സിലാക്കണം, സുവിശേഷ പ്രസംഗത്തിന് അത് എന്തു സൂചനയാണ് നല്കുന്നത്? ആഗസ്റ്റ് 5-ലെ ശബ്ബത്തിനായി ഒരുങ്ങുവാൻ ഈയാഴ്ചയിലെ പാഠം പഠിക്കുക.

**ഞായർ** **ജൂലൈ 30**

**വിശ്വാസവും ന്യായപ്രമാണവും (ഗലാ. 3:15-18)**

അടിസ്ഥാനപരമായി വിശ്വാസത്താലാണ് അബ്രഹാമിന്റെ ജീവിതം അറിയപ്പെട്ടതെന്ന് അവന്റെ എതിരാളികൾ അംഗീകരിച്ചെങ്കിലും എന്തുകൊണ്ടാണ്

അബ്രഹാമിനുശേഷം 400 വർഷങ്ങൾ കഴിഞ്ഞ് ദൈവം യിസ്രയേലിന് ന്യായപ്രമാണം കൊടുത്തതെന്നുള്ള ചോദ്യം അവർക്കുണ്ടാകുമെന്ന് പൗലൊസിനറിയാമായിരുന്നു. എന്തെങ്കിലും മുൻ ക്രമീകരണങ്ങളുണ്ടായിരുന്നു എന്ന ധാരണ ന്യായപ്രമാണം നല്കിയതിലൂടെ ഇല്ലാതാക്കപ്പെട്ടില്ലേ?

**ഒരു വ്യക്തിയുടെ അന്തിമ ഇച്ഛയും വിൽപ്പത്രവും അബ്രഹാമുമായുള്ള ദൈവത്തിന്റെ ഉടമ്പടിയും തമ്മിലുള്ള പൗലൊസിന്റെ സാദൃശ്യത്തിലെ കാര്യമെന്താണ്? (ഗലാ. 3:15 -18).**

ഒരു ഉടമ്പടിയും ഒരു വിൽപ്പത്രവും പൊതുവിൽ വ്യത്യാസമാണ്. ഒരു ഉടമ്പടിയെന്നാൽ രണ്ടോ അതിൽ കൂടുതലോ വ്യക്തികൾ തമ്മിലുള്ള കരാറാണ്, മിക്കപ്പോഴും അതിനെ "കരാർ"എന്നോ "ഉടമ്പടി" എന്നോ പറയും, ഇതിനു വിപരീതമായി വിൽപ്പത്രം എന്നത് ഒരു വ്യക്തിയുടെ പ്രഖ്യാപനമാണ്. പഴയനിയമത്തിന്റെ ഗ്രീക്കു പരിഭാഷ, സെപ്റ്റ്യ എജിന്റ്, ഒരിക്കലും അബ്രഹാമുമായുള്ള ദൈവത്തിന്റെ ഉടമ്പടിയെ രണ്ടുപേർ തമ്മിലുള്ള കരാറിന്റെ വാക്ക് ഉപയോഗിച്ച് തർജ്ജമ ചെയ്യുന്നില്ല. (Syntheke, സിന്തെകെ) പകരം അതുപയോഗിക്കുന്നത് ഒരു സാക്ഷ്യത്തിന്റെയോ വിൽപ്പത്രത്തിന്റെയോ ആണ് (diatheke,ഡയാതെകെ). എന്തുകൊണ്ട്?. ഒരുപക്ഷേ അബ്രഹാമുമായുള്ള ദൈവത്തിന്റെ ഉടമ്പടി, ഇരുകൂട്ടർക്കും ബാധകമാകുന്ന വ്യവസ്ഥകളോടെയുള്ള ഒരു കരാറാണെന്ന് തർജ്ജമക്കാർ കരുതിയിരിക്കില്ല. ഇതിനു വിപരീതമായി, ദൈവത്തിന്റെ ഉടമ്പടി അടിസ്ഥാനപ്പെടുത്തിയിരുന്നത് അവന്റെ ഇഷ്ടമല്ലാതെ മറ്റൊന്നായിരുന്നില്ല. "എങ്കിൽ, കൂടാതെ, എന്നാൽ" പോലുള്ളവയൊന്നു മുണ്ടായിരുന്നില്ല. അബ്രഹാം ദൈവത്തിന്റെ വചനം അതേപടി സ്വീകരിക്കണമായിരുന്നു.

അബ്രഹാമുമായുള്ള പ്രത്യേക ഉടമ്പടിയുടെ സവിശേഷതകൾ ഉയർത്തിക്കാണിക്കാൻ "വിൽപ്പത്രം" "ഉടമ്പടി" എന്നീ വാക്കുകളുടെ ദ്വയാർത്ഥം പൗലൊസ് ഉപയോഗിക്കുന്നു. ഒരു മാനുഷിക വിൽപ്പത്രത്തിലെന്നപോലെ, ദൈവത്തിന്റെ വാഗ്ദത്തത്തിലും രണ്ടു ഗുണഭോക്താക്കളുണ്ട്, അബ്രഹാമും അവന്റെ സന്തതിയും (ഉല്പ. 12:1-5; ഗലാ. 3:16). അതിൽ ഒരു അനന്തരാവകാശവും ഉൾപ്പെട്ടിരിക്കുന്നു (ഉല്പ. 13:15; 17:8; റോമ. 4:13; ഗലാ.3:29).

പൗലൊസിന് ഏറ്റവും പ്രധാനം ദൈവവാഗ്ദത്തിന്റെ മാറ്റമില്ലാത്ത പ്രകൃതമാണ്. ഒരു വ്യക്തിയുടെ വിൽപ്പത്രം അതു പ്രാപല്യത്തിൽ വന്നാൽ മാറ്റാൻ പറ്റാത്തതു പോലെ, മോശെയിലൂടെ നല്കപ്പെട്ട ന്യായപ്രമാണത്തിന് അബ്രഹാമു മായുണ്ടായ മുൻ ഉടമ്പടി ഇല്ലാതാക്കാനാകില്ല. ദൈവത്തിന്റെ ഉടമ്പടി ഒരു വാഗ്ദത്തമാണ് (ഗലാ. 3:16), മാത്രമല്ല യാതൊരു കാരണവശാലും ദൈവം ഒരു വാഗ്ദത്ത ലംഘകനല്ല (യെശ. 46:11; എബ്രാ. 6:18).

തുടർന്നുള്ള പാഠഭാഗങ്ങളിൽ ഉടമ്പടി എന്നതിനു പകരം വാഗ്ദത്തം എന്നു ചേർത്തു വായിക്കുക. ഓരോ പാഠഭാഗത്തും "ഉടമ്പടി"യുടെ പ്രകൃതമെന്താണ്? ദൈവത്തിന്റെ ഉടമ്പടിയെ ഒരു വാഗ്ദത്തമായി കാണുന്നത് ഈ പാഠഭാഗത്തിന്റെ അർത്ഥം കൂടുതൽ വ്യക്തമാക്കുന്നതെങ്ങനെ, ഒരു ഉടമ്പടി എന്തെന്ന് കൂടുതൽ നന്നായി മനസ്സിലാക്കുവാൻ അത് നമ്മെ എങ്ങനെ സഹായിക്കുന്നു?

**ഉല്പ.9:11–17; 15:18; 17:1–21). ഇതും നമ്മെ ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ചും, നമുക്കവനിൽ എങ്ങനെ ആശ്രയിക്കാം എന്നതിനെക്കുറിച്ചും നമ്മെ എന്തു പഠിപ്പിക്കുന്നു?**

**തിങ്കൾ** **ജൂലൈ 31**

**ന്യായപ്രമാണവും വിശ്വാസവും (റോമ. 3:31).**

ദൈവവുമായുള്ള ഒരു വ്യക്തിയുടെ ബന്ധത്തിൽ വിശ്വാസത്തിന്റെ മേൽക്കോയ്മയെക്കുറിച്ച് പൗലൊസ് ശക്തമായി വാദിക്കുന്നു. അഗ്രചർമ്മമോ "ന്യായപ്രമാണത്തിന്റെ പ്രവൃത്തികളോ രക്ഷയ്ക്കുള്ള ഒരു മുൻ ഉപാധിയല്ലയെന്ന് അവൻ ആവർത്തിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്, "കാരണം ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരുവനും നീതികരിക്കപ്പെടുകയില്ല" (ഗലാ. 3:7). ന്യായപ്രമാണത്തിന്റെ പ്രവൃത്തികളെക്കുറിച്ച് ആവർത്തിച്ചുള്ള ഈ നിഷേധാത്മകത ഈ ചോദ്യമുയർത്തുന്നു, "അപ്പോൾ, ന്യായപ്രമാണത്തിന് യതൊരു മൂല്യവുമില്ലേ? ദൈവം ന്യായപ്രമാണം നീക്കിക്കളഞ്ഞോ?"

ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലല്ല വിശ്വാസത്താലായതുകൊണ്ട്, വിശ്വാസം ന്യായപ്രമാണത്തെ ഇല്ലായ്മ ചെയ്യുന്നുവെന്നാണോ പൗലൊസ് അർത്ഥമാക്കുന്നത്? തുടർന്നുള്ള വാക്യങ്ങൾ നമ്മോട് എന്തു പറയുന്നു? റോമ. 7:7,12; 8:3; മത്താ. 5:17–20 എന്നിവയുമായി റോമ. 3:31 താരതമ്യം ചെയ്യുക.

റോമ. 3 ലുള്ള പൗലൊസിന്റെ വാദം ഗലാത്യരിൽ ന്യായപ്രമാണത്തെയും വിശ്വാസത്തെയും കുറിച്ചുള്ള അവന്റെ ചർച്ച സമാന്തരമാണ്. ന്യായപ്രമാണത്തിന്റെ ചിലവിൽ താൻ വിശ്വാസത്തെ ഉയർത്തിക്കാണിക്കുകയാണെന്നു തന്റെ പരാമർശങ്ങൾ മൂലം ചിലരെങ്കിലും നിഗമനത്തിലെത്തുമെന്ന് ബോധ്യമായതു കൊണ്ട്, പൗലൊസ് ഉത്തരമാവശ്യമില്ലാത്ത ഒരു ചോദ്യം ചോദിക്കുന്നു, "ഈ വിശ്വാസത്താൽ നാം ന്യായപ്രമാണത്തിന് നീക്കം വരുത്തുമോ?"റോമ. 3:3 ലെ"നീക്കം വരുത്തുക"എന്നു തർജ്ജമ ചെയ്തിരിക്കുന്നത് കാറ്റർജിയോ (Katargeo) എന്നാണ്. പൗലൊസ് ഈ വാക്ക് കൂടെക്കൂടെ ഉപയോഗിക്കുന്നു, അതിനെ "ഇല്ലാതാക്കുക"എന്ന് തർജ്ജമ ചെയ്യാം (റോമ. 3:3),"ഇടിച്ചു കളഞ്ഞത്" (എഫെ. 2:15), "നീക്കം വരേണ്ടതിനു"(റോമ. 6:6) അല്ലെങ്കിൽ "നശിപ്പിക്കുക"(1 കൊരി. 6:13). അവൻ പഠിപ്പിച്ചു എന്ന് ഇന്ന് ചില മനുഷ്യർ അവകാശപ്പെടുന്നതുപോലെ, വ്യക്തമായും ക്രൂശിൽ എങ്ങനെയോ ന്യായപ്രമാണം ഇല്ലാതാക്കപ്പെട്ടു എന്ന ആശയം അവന് ശരിവെക്കണമെങ്കിൽ, ഇതായിരുന്നേനെ സമയം. എന്നാൽ പൗലൊസ് ആ വികാരത്തെ ശക്തമായി നിഷേധിക്കുന്നുവെന്നു മാത്രമല്ല, അവൻ യഥാർത്ഥത്തിൽ പറയുന്നത് അവന്റെ സുവിശേഷം അതിനെ "സ്ഥിരപ്പെടുത്തുന്നു"എന്നാണ്! പാപപരിഹാരയാഗം ആവശ്യപ്പെടുകയും നല്കുകയും ചെയ്യുന്ന അവന്റെ ന്യായ പ്രമാണത്തോടുള്ള ദൈവത്തിന്റെ ആദരവിനെ വിശ്വാസത്താലുള്ള നീതീകരണം എന്ന പദ്ധതി വെളിവാക്കുന്നു. വിശ്വാസത്താലുള്ള നീതീകരണം ന്യായപ്രമാണത്തെ ഇല്ലായ്മ ചെയ്യുന്നുവെങ്കിൽ, പാപിയെ അവന്റെ പാപത്തിൽ നിന്നു സ്വതന്ത്രമാക്കുകയും ദൈവവുമായി അവനെ സമാധാനത്തിലാക്കുകയും ചെയ്യുന്ന ക്രിസ്തുവിനെ പാപപരിഹാരയാഗത്തിന്റെ യാതൊരാവശ്യവുമില്ലായിരുന്നു.

“ഇതിനു പുറമെ, അവന്റെ ന്യായപ്രമാണത്തോടുള്ള അനുസരണത്തിലൂടെ ദൈവയിഷ്ടം പൂർത്തിയാക്കാനുള്ള സന്നദ്ധതതയാണ് യഥാർത്ഥ വിശ്വാസം കാണിക്കുന്നത്. രക്ഷകനോടുള്ള ഹൃദയംഗമമായ സ്നേഹത്തിൽ അധിഷ്ഠിതമായ യഥാർത്ഥ വിശ്വാസം അനുസരണത്തിലേക്കു മാത്രമേ നയിക്കാൻ കഴിയൂ. “The SDA Bible Commentary, Vol -6, p-510.”

**വിശ്വാസം ന്യായപ്രമാണം പ്രമാണിക്കേണ്ടതിന്റെ ആവശ്യകതയെ ഇല്ലാതാക്കുന്നുവെന്ന് പൗലൊസ് യഥാർത്ഥത്തിൽ അർത്ഥമാക്കിയിരുന്നെങ്കിൽ എന്താകുമായിരുന്നു അവസ്ഥയെന്നു ചിന്തിച്ചുനോക്കുക. അങ്ങനെയെങ്കിൽ ഉദാഹരണത്തിന് വ്യഭിചാരവും, മോഷണവും കുലപാതകംപോലും പാപമല്ലാതായിരിക്കുമോ? നിങ്ങൾ ദൈവത്തിന്റെ ന്യായപ്രമാണം അനുസരിക്കുക മാത്രം ചെയ്യുകയാണെങ്കിൽ ഒഴിവാക്കാവുന്ന ദുഃഖവും, വേദനയും, കഷ്ടപ്പാടിനെയുംകുറിച്ച് ഒന്ന് ഓർത്തു നോക്കു. ദൈവത്തിന്റെ ന്യായപ്രമാണത്തോടുള്ള അനുസരണക്കേടിനാൽ നിങ്ങളോ മറ്റുള്ളവരോ എന്ത് കഷ്ടപ്പാടിലൂടെയാണ് കടന്നുപോയിട്ടുള്ളത്?**

**ചൊവ്വ** **ഓഗസ്റ്റ് 1**

**ന്യായപ്രമാണത്തിന്റെ ഉദ്ദ്യേശ്യം.**

**ഗലാ. 3:19–29ൽ പൗലൊസ് ന്യായപ്രമാണത്തെക്കുറിച്ച് അനേകം പ്രതിപാദ്യങ്ങൾ നടത്തുന്നു. ഗലാതൃരുടെ ഈ ഭാഗത്ത് എന്ത് ന്യായപ്രമാണത്തെക്കുറിച്ചാണ് പൗലൊസ് പ്രാഥമികമായി പ്രതിപാദിക്കുന്നത്?**

ചിലർ 19–ാം വാകൃത്തിലുള്ള “വരുവോളം” എന്നവാക്ക് സൂചിപ്പിക്കുന്നത് ഈ ന്യായപ്രമാണം താല്ക്കാലികമാണെന്നു വിശ്വസിച്ച്, ആ പാഠഭാഗം കർമ്മാചാരപരമായ ന്യായപ്രമാണത്തെ സൂചിപ്പിക്കുന്നുവെന്ന് കരുതി. കാരണം ആ ന്യായപ്രമാണത്തിന്റെ ഉദ്ദ്യേശ്യം ക്രൂശിൽ നിവൃത്തിയായതുകൊണ്ട് അത് അവസാനിച്ചു. ഇതിന് ഇതിൽത്തന്നെ യുക്തിയുണ്ടെങ്കിലും, ഗലാതൃരിൽ പൗലൊസ് പറയുന്നകാര്യം ഇതാണെന്ന് തോന്നുന്നില്ല. കർമ്മാചാരപരമായ ന്യായപ്രമാണവും സാന്മാർഗ്ഗിക ന്യായപ്രമാണവും ലംഘനം ഹേതുവായി സീനായിയിൽ കൂട്ടിച്ചേർക്കപ്പെട്ടതാണെങ്കിലും, നാം അത് തുടർന്നുള്ള ചോദ്യത്തിലൂടെ കാണും, പൗലൊസിന് മനസ്സിലുള്ളത് പ്രാഥമികമായി സന്മാർഗ്ഗിക ന്യായപ്രമാണമാണെന്നു തോന്നുന്നു.

**ന്യായപ്രമാണം കൂട്ടിച്ചേർക്കപ്പെട്ടതാണെന്ന് പൗലൊസ് പറയുന്നുണ്ടോ? എന്തിനോടുകൂടിയാണ് അത് ചേർക്കപ്പെട്ടത്? എന്തുകൊണ്ട്? ഗലാ. 3:19–ഉം റോമ. 5:13,20 ഉം താരതമ്യം ചെയ്യുക.**

അബ്രഹാമുമായുള്ള ദൈവത്തിന്റെ ഉടമ്പടിയോടുകൂടി ന്യായപ്രമാണം കൂട്ടിച്ചേർക്കപ്പെട്ടുവെന്ന് പൗലൊസ് പറയുന്നില്ല, അത് ആദിമ ഉപാധികളോട് കൂട്ടിച്ചേർക്കപ്പെട്ട ഒരു വിൽപ്പത്രം എന്നപ്പോലെ. സീനായ്ക്ക് വളരെ മുൻപുതന്നെ ന്യായപ്രമാണം നിലനിന്നിരുന്നു. (നാളത്തെ പാഠം കാണുക). പകരം, പൗലൊസ് അർത്ഥമാക്കുന്നത് ന്യായപ്രമാണം യിസ്രായേല്യർക്ക് നല്കപ്പെട്ടത് തികച്ചും വ്യത്യസ്തമായ ഒരു ഉദ്ദ്യേശ്യത്തിനാണെന്നാണ്. അവങ്കലേക്ക് വിശ്വാസത്താൽ കടന്നുവരുന്ന

ഏവർക്കും അവൻ നല്കുന്ന കൃപയിലേക്കും ദൈവത്തിങ്കലേക്കും ജനങ്ങളെ തിരികെ കൊണ്ടുവരുന്നതിനായിരുന്നു. ന്യായപ്രമാണം നമുക്ക് നമ്മുടെ പാപകരമായ അവസ്ഥയെയും ദൈവകൃപയ്ക്കായുള്ള നമ്മുടെ ആവശ്യത്തെയും വെളിവാക്കുന്നു. ന്യായപ്രമാണം എന്നത് രക്ഷ "നേടുവാനുള്ള" ഏതെങ്കിലും വിധത്തിലുള്ള ചടങ്ങായിരുന്നില്ല. ഇതിനു വിപരീതമായി, "ലംഘനം പെരുകേണ്ടതിന്" (റോമ.5:20) അത് നല്കപ്പെട്ടു എന്നു പൗലൊസ് പറയുന്നു. അതായത്, കൂടുതൽ വ്യക്തമായി നമ്മുടെ ജീവിതങ്ങളിലെ പാപം കാണിച്ചു തരുന്നതിന് (റോമ. 7:13).

കർമ്മാചാരപരമായ ന്യായപ്രമാണം മശിഹയെ ചൂണ്ടിക്കാണിക്കുകയും, വിശുദ്ധി നിഷ്കർഷിക്കുകയും ഒരു രക്ഷകന്റെ ആവശ്യം ഊന്നിപ്പറയുകയും ചെയ്തപ്പോൾ, സാന്മാർഗ്ഗിക ന്യായപ്രമാണമാണ്, അതിന്റെ "അരുത്"കളിലൂടെ, പാപത്തെ വെളിവാക്കുകയും, പാപം എന്നത് നമ്മുടെ സ്വാഭാവികമായ അവസ്ഥയുടെ ഒരു ഭാഗമല്ലെന്നും, പിന്നെയോ, നിശ്ചയമായും, ദൈവത്തിന്റെ ന്യായപ്രമാണത്തിന്റെ ലംഘനമാണെന്നും കാണിച്ചു തരുന്നത് (റോമ. 3:20; 5:13,20; 7:7,8,13). ഇതുകൊണ്ടാണ് പൗലൊസ് പറയുന്നത്, "ന്യായപ്രമാണം ഇല്ലാത്തിടത്ത് ലംഘനവുമില്ല' (റോമ. 4:15). ന്യായപ്രമാണം ഒരു ഭൂതക്കണ്ണാടിപോലെ പ്രവൃത്തിക്കുന്നു. ആ ഉപകരണം വാസ്തവത്തിൽ ഒരു വസ്ത്രത്തെ മലിനമാക്കുന്ന അഴുക്കു പാടുകൾ വർദ്ധിപ്പിക്കുന്നില്ല, എന്നാൽ അവ വ്യക്തമായി കാണത്തക്ക രീതിയിലാക്കുകയും നഗ്നനേത്രങ്ങൾക്കൊണ്ട് കാണാവുന്നതിലും അധികം കാണിച്ചു തരുകയും ചെയ്യുന്നു." –William Hendriksen, New Testament Commentary, Exposition on Galatians (Grand Rapids Mich: Baker Book House,1968),p. 141.

**ബുധൻ** **ആഗസ്റ്റ് 2**

**ദൈവത്തിന്റെ ന്യായപ്രമാണത്തിന്റെ കാലദൈർഘ്യം**

**ന്യായപ്രമാണം സീനായ് മലയിൽ ചേർക്കപ്പെട്ടു എന്ന പൗലൊസിന്റെ പ്രസ്താവനയുടെ അർത്ഥം ന്യായപ്രമാണം മുൻപ് നിലവിലില്ലായിരുന്നു എന്നാണോ? അല്ലെങ്കിൽ, സീനായ്ക്ക് മുൻപും പിൻപുമുള്ള വ്യത്യാസം എന്തായിരുന്നു? ഉല്പ. 9:5,6; 18:19; 26:5; 39:7–10; പുറ. 16:22–26.**

അവന്റെ ന്യായപ്രമാണം അബ്രഹാമിന് ഇടിയുടെയും, മിന്നലിന്റെയും മരണശിക്ഷയുടെയും അകമ്പടിയോടെ ദൈവത്തിന് വെളിവാക്കേണ്ട ആവശ്യമില്ലായിരുന്നു (പുറ. 19:10–23) പിന്നെ എന്തിനാണ് ദൈവം യിസ്രായേല്യർക്ക് ആ രീതിയിൽ ന്യായപ്രമാണം കൊടുത്തത്? അതിനുകാരണം, മിസ്രയീമിലുള്ള അവരുടെ അടിമത്തകാലത്ത്, യിസ്രായേല്യർക്കു ദൈവത്തിന്റെ മഹത്വവും അവന്റെ ഉന്നതമായ സാന്മാർഗ്ഗിക നിലവാരവും നഷ്ടമായിരുന്നു. അതിന്റെ ഫലമായി, അവരുടെ സ്വന്തം പാപത്തിന്റെ വ്യാപ്തിയും ദൈവപ്രമാണത്തിന്റെ പവിത്രതയും അവരെ ബോധ്യപ്പെടുത്തേണ്ടതായിരുന്നു. സീനായിലെ വെളിപ്പാട് നിശ്ചയമായും അതുതന്നെയാണ് ചെയ്തത്.

**വാഗ്ദത്തം ലഭിച്ച സന്തതി വരുവോളം ഗലാ. 3:16 ന്യായപ്രമാണം കൂട്ടിച്ചേർക്കപ്പെട്ടു എന്ന് പൗലൊസ് പറയുമ്പോൾ അവൻ എന്താണ് അർത്ഥമാക്കുന്നത്.**

അനേകരും ഈ വാക്യത്തെ മനസ്സിലാക്കിയിരിക്കുന്നത് സീനായിൽ നല്കപ്പെട്ട ന്യായപ്രമാണം താല്ക്കാലികമായിരുന്നുവെന്നാണ്, അത് അബ്രഹാമിനു 430 വർഷംശേഷവും പിന്നീട് ക്രിസ്തു വന്നപ്പോൾ അവസാനിക്കുകയും ചെയ്തു. ഈ വ്യാഖ്യാനം എന്തായാലും ന്യായപ്രമാണത്തെക്കുറിച്ച് റോമിൽ പൗലൊസ് പറയുന്ന തുമായി ഇത് വിരുദ്ധമാണ്, മത്താ. 5:17-19 പോലുള്ള മറ്റ് പാഠഭാഗങ്ങളിലും

വായനക്കാർ മിക്കപ്പോഴും ഈ പാഠഭാഗവുമായി ഉണ്ടാകുന്ന തെറ്റ് വരുവോളം എന്നു പറയുമ്പോൾ അതൊരു കുറഞ്ഞ കാലദൈർഘ്യമായാണ് കാണുന്നതെന്ന താണ്. ഇതല്ല അതിന്റെ കാര്യം. ദൈവത്തെ ഭയപ്പെടുന്ന വ്യക്തിയെക്കുറിച്ച് സങ്കീ. 112:8 ൽ പറയുന്നു, "അവന്റെ ഹൃദയം ഭയപ്പെടാതെ സ്ഥിരമായിരിക്കുന്നു; അവൻ ശത്രുക്കളിൽ തന്റെ ആഗ്രഹം നിവർത്തിച്ചുകാണും. ഇതിനർത്ഥം അവൻ വിജയി ക്കുമ്പോൾ അവൻ ഭയക്കുമെന്നാണോ? വെളി. 2:25 ൽ യേശു പറയുന്നു: "എങ്കിലും നിങ്ങൾക്കുള്ളത് ഞാൻ വരും വരെ പിടിച്ചുകൊള്ളുവിൻ എന്നു ഞാൻ കല്പിക്കുന്നു" ഒരിക്കൽ യേശുവന്നുകഴിഞ്ഞാൽ പിന്നെ നാം വിശ്വസ്തരായിരിക്കേണ്ടതില്ല എന്നാണോ യേശു അർത്ഥമാക്കുന്നത്?

ക്രിസ്തുവിന്റെ വരവോടെ ന്യായപ്രമാണത്തിന്റെ പങ്ക് അവസാനിച്ചില്ല. അത് ന്യായപ്രമാണം നിലനില്ക്കുവോളം പാപത്തെ ചൂണ്ടിക്കാണിക്കുന്നത് തുടരും. പൗലൊസ് പറയുന്നതെന്തെന്നാൽ ക്രിസ്തുവിന്റെ വരവ് മാനവചരിത്രത്തിൽ ഒരു സുപ്രധാന വഴിത്തിരിവായിരിക്കുമെന്നാണ്. ന്യായപ്രമാണത്തിന് ഒരിക്കലും ചെയ്യാൻ കഴിയാതിരുന്നത് ക്രിസ്തുവിന് ചെയ്യാൻ കഴിയും. പാപത്തിന് ഒരു യഥാർത്ഥ പരിഹാരം നല്കുക, അതായത്, പാപികളെ നീതീകരിക്കുകയും അവന്റെ ആത്മാവി നാൽ അവന്റെ ന്യായപ്രമാണം അവരിൽ നിവൃത്തിക്കുകയും ചെയ്യുക (റോമ.8:3,4).

**നിങ്ങൾ സ്വയം എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ദൈവം എനിക്ക് ഇത് അല്ലെങ്കിൽ അത് അല്ലെങ്കിൽ മറ്റൊന്ന് ചെയ്തിരുന്നെങ്കിൽ പിന്നെ ഞാനൊരി ക്കലും അവനെ സംശയിക്കുകയോ ചോദ്യം ചെയ്യുകയോ ചെയ്യില്ല? എന്നിരു ന്നാലും, സീനായിൽ സംഭവിച്ചതിനെക്കുറിച്ചു ചിന്തിക്കുക, യിസ്രായേൽ മക്കൾ ദൈവത്തിന്റെ എത്ര ശക്തമായ ഒരു വെളിപ്പെടുത്തലാണ് കണ്ടത്-എന്നിട്ടു പോലും, അവർ എന്താണ് ചെയ്തത്? ഇത് നിങ്ങളോട് സത്യവിശ്വാസം എന്താ ണെന്നും അത് നമുക്കെങ്ങനെ ലഭിക്കുമെന്നും നിലനിർത്താനാകുമെന്നും ഇത് നിങ്ങളോട് എന്തു പറയണം?**

**വ്യാഴം** **ആഗസ്റ്റ് 3**

### വാഗ്ദത്തത്തിന്റെ മേൽക്കോയ്മ

"സീനായ് മലയിൽ തന്നോടു സംസാരിച്ച ദൂതനോടും നമ്മുടെ പിതാക്കന്മാ രോടുംകൂടെ മരുഭൂമിയിലെ സഭയിൽ ഇരുന്നവനും നമുക്കു തരുവാൻ ജീവനുള്ള അരുളപ്പാട് ലഭിച്ചവനും അവൻ തന്നേ" (അ.പ്ര. 7:38).

ഗലാ. 3:19,20 ലും കൃപയുടെ ഉടമ്പടിയെ അസാധുതയാക്കാതെത്തന്നെ പൗലൊസ് തന്റെ ന്യായപ്രമാണത്തെക്കുറിച്ചുള്ള ചിന്താധാര തുടരുന്നു; ഇത് പ്രധാനമാണ് കാരണം, അവന്റെ എതിരാളികളുടെ ദൈവശാസ്ത്രം ശരിയാണെങ്കിൽ, ന്യായ

പ്രമാണം അതുതന്നെ ചെയ്യും. അങ്ങനെയെങ്കിൽ, നമ്മെ രക്ഷിക്കുന്നതിന് കൃപയ്ക്കു പകരം നമുക്ക് നമ്മുടെ ന്യായപ്രമാണ പാലനത്തിൽ ആശ്രയിക്കേണ്ടി വരികയാണെങ്കിൽ പാപികളെന്ന നിലയിൽ നമ്മുടെ അവസ്ഥ എന്താകുമായിരുന്നെന്ന് ചിന്തിക്കുക. ഒടുവിൽ, നാം പ്രത്യാശയില്ലാത്തവരായിരിക്കും.

ഗലാ. 3:19,20 ലെ പൗലൊസിന്റെ പരാമർശങ്ങളുടെ വിശദവിവരങ്ങൾ ബുദ്ധിമുട്ടേറിയതാണെങ്കിലും, അവന്റെ അടിസ്ഥാനകാര്യം വ്യക്തമാണ്. ന്യായപ്രമാണം വാഗ്ദത്തത്തിന് അനുബന്ധമായതാണ്, കാരണം അത് മോശെയിലൂടെയും ദൂതന്മാരിലൂടെയും നല്കപ്പെട്ടതാണ്. ന്യായപ്രമാണം നല്കുന്നതിൽ ദൂതന്മാർക്കുള്ള ബന്ധം പുറപ്പാടിൽ എടുത്തു പറഞ്ഞിട്ടില്ല, എന്നാൽ അത് തിരുവെഴുത്തിലെ നിരവധി മറ്റ് സ്ഥലങ്ങളിൽ പറഞ്ഞിട്ടുണ്ട് (ആവ.33:2; അ.പ്ര. 7:38,53; എബ്രാ. 2:2). 1 തിമൊ. 2:5 ൽ പൗലൊസ് മദ്ധ്യസ്ഥൻ എന്ന വാക്ക് ക്രിസ്തുവിനെ പ്രതിപാദിക്കാൻ ഉപയോഗിക്കുന്നു, എന്നാൽ അവന്റെ പരാമർശങ്ങൾ കാണിക്കുന്നത് ആ സമയത്ത് ആവ. 5:5 അവന്റെ മനസ്സിൽ ഉണ്ടായിരുന്നു എന്നാണ്, അവിടെ മോശെ പറയുന്നു, “യഹോവയുടെ വചനം നിങ്ങളോട് അറിയിക്കേണ്ടതിനു ഞാൻ അക്കാലത്തു യഹോവയ്ക്കും നിങ്ങൾക്കും മദ്ധ്യേ നിന്നു”

സീനായിലെ ന്യായപ്രമാണം നല്കൽ പ്രൗഢഗംഭീരമായിരുന്നു എണ്ണമറ്റ ദൂതന്മാരുടെ സാന്നിധ്യത്തിലും, ന്യായപ്രമാണ ദാതാവിനെപോലെത്തന്നെ മോശെയും, ന്യായപ്രമാണം നല്കപ്പെട്ടത് നേരിട്ടല്ല. ഇതിനു ഘടകവിരുദ്ധമായി ദൈവത്തിന്റെ വാഗ്ദത്തം അബ്രഹാമിന് നേരിട്ടാണ് നല്കപ്പെട്ടത് (അതിനാൽത്തന്നെ എല്ലാ വിശ്വാസികൾക്കും), കാരണം ഒരു മദ്ധ്യസ്ഥന്റെ ആവശ്യമില്ലായിരുന്നു. ഒടുവിലായി, ന്യായപ്രമാണം എത്ര പ്രധാനമാണെങ്കിലും, വിശ്വാസത്താലുള്ള കൃപയിലൂടെ ലഭിക്കുന്ന രക്ഷയെക്കുറിച്ചുള്ള വാഗ്ദത്തത്തിന് അത് ഒരിക്കലും പകരമാവില്ല. ഇതിനു വിപരീതമായി, ആ വാഗ്ദത്തം എത്ര ആശ്ചര്യകരമാണെന്നു കൂടുതൽ മെച്ചമായി മനസ്സിലാക്കുവാൻ ന്യായപ്രമാണം നമ്മെ സഹായിക്കുന്നു.

**ദൈവവുമായുള്ള അബ്രഹാമിന്റെ നേരിട്ടുള്ള കൂടിക്കാഴ്ചയുടെ പ്രകൃതം വർണ്ണിക്കുക. ദൈവവുമായി തൊട്ടടുത്ത് അയതുകൊണ്ട് എന്തു പ്രയോജനമാണ് ഉണ്ടായിരുന്നത്? ഉല്പ. 15:1–6; 18:1–33; 22:1–8; എന്നിവ കണക്കിലെടുക്കുക. വേദപുസ്തകത്തിലുള്ള മറ്റ് ആളുകൾക്ക് ദൈവവുമായുണ്ടായ കൂടിക്കാഴ്ചകളെക്കുറിച്ചു ചിന്തിക്കുക– എദെനിൽ ആദാമും ഹവ്വായും (ഉല്പ. 3) യാക്കോബിന്റെ ഏണി (ഉല്പ.28); ദമസ്കൊസിലേക്കുള്ള വഴിമദ്ധ്യേ പൗലൊസ് (അ.പ്ര.9); ഒരു പക്ഷെ അത്ര നാടകീയമായതൊന്നും നിങ്ങൾ അനുഭവപ്പെട്ടിരിക്കില്ല, എന്നാൽ എന്തെല്ലാം രീതികളിലാണ് ദൈവം അവനെത്തന്നെ നിങ്ങൾക്ക് വെളിപ്പെടുത്തിയത്? ദൈവവുമായി അബ്രഹാം അനുഭവിച്ചതുപോലുള്ള ഉറ്റതും സ്വകാര്യവുമായ ബന്ധം നിങ്ങൾക്കു ദൈവവുമായുണ്ടാകുന്നതിൽ നിങ്ങളെ തടയുന്ന എന്തെങ്കിലും നിങ്ങളുടെ ജീവിതത്തിലുണ്ടോയെന്നു സ്വയം ചോദിച്ചു നോക്കുക. അങ്ങനെയെങ്കിൽ, അത് മാറ്റുന്നതിനു നിങ്ങൾക്ക് എന്ത് നടപടികളെടുക്കാം?**

**കൂടതൽ ചിന്ത:**

" അവരുടെ അടിമത്തത്തിൽ ജനങ്ങൾക്ക് ഒരു വലിയ ആളവുവരെ ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനവും അബ്രഹാമുമായുള്ള ഉടമ്പടിയുടെ തത്വങ്ങളും നഷ്ടമായിരുന്നു. മിസ്രയീമിൽനിന്നും അവരെ വിടുവിച്ചതിലൂടെ, അവന്റെ ശക്തിയും കരുണയും അവരെ അറിയിക്കുവാൻ ദൈവം ആഗ്രഹിച്ചു, അങ്ങനെ അവർ അവനെ സ്നേഹിക്കുവാനും ആശ്രയിക്കുവാനും പഠിക്കും. അവൻ അവരെ ചെങ്കടൽ വരെ എത്തിച്ചു. അവിടെ അവർ മിസ്രയീമ്യരാൽ പിന്തുടരപ്പെടുകയും രക്ഷപ്പെടൽ അസാധ്യമെന്നു തോന്നുകയും ചെയ്തു. ഇതവൻ ചെയ്തത് അവർക്ക് അവരുടെ തികച്ചും നിസ്സഹായമായ അവസ്ഥ മനസ്സിലാക്കുന്നതിനായിരുന്നു, ദിവ്യമായ സഹായത്തിന്റെ ആവശ്യം അവർക്കുണ്ടായിരുന്നു; അപ്പോൾ അവൻ അവർക്ക് വിടുതൽ നല്കി. അങ്ങനെ അവർ ദൈവത്തോടുള്ള സ്നേഹത്താലും നന്ദിയാലും നിറയുകയും അവരെ സഹായിക്കുവാനുള്ള ദൈവത്തിന്റെ ശക്തിയിൽ ആത്മവിശ്വാസവുമുള്ളവരായി. അവരുടെ ലൗകികമായ അടിമത്തത്തിൽനിന്നും അവരെ വിടുവിക്കുന്നവനായി അവരെ അവനോടു ചേർത്തു.

"എന്നാൽ ഇതിലും വലിയൊരു സത്യം അവരുടെ മനസ്സിൽ പതിയേണ്ടതുണ്ടായിരുന്നു. വിഗ്രഹാരാധനയുടെയും അഴിമതിയുടെയും മദ്ധ്യേ ജീവിച്ചുകൊണ്ട്, ദൈവത്തിന്റെ വിശുദ്ധിയെക്കുറിച്ചുള്ള ശരിയായ ബോധ്യം അവർക്കില്ലായിരുന്നു. അവരുടെ സ്വന്തം ഹൃദയങ്ങളുടെ അങ്ങേയറ്റം പാപകരമായ അവസ്ഥയും അവർ അറിഞ്ഞില്ല സ്വയമായുള്ള അവരുടെ തികഞ്ഞ നിസ്സഹായതയും ദൈവത്തിന്റെ ന്യായപ്രമാണത്തിന് അവർ നല്കേണ്ട അനുസരണയും, ഒരു രക്ഷകന്റെ ആവശ്യവും അവർ അറിഞ്ഞില്ല. ഇവയെല്ലാം അവരെ പഠിപ്പിക്കേണ്ടതുണ്ടായിരുന്നു. "EGW nite- White Patriarchs and Prophets, p. 371.

"സീനായിൽനിന്ന് അതിഭയങ്കര മഹത്വത്തിൽ സംസാരിക്കപ്പെട്ട ദൈവത്തിന്റെ ന്യായപ്രമാണം, പാപിക്കുള്ള കുറ്റം വിധിക്കലാണ്, കുറ്റം വിധിക്കുക എന്നത് ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാണ്, എന്നാൽ അതിന് ക്ഷമിക്കുവാനോ വീണ്ടെടുക്കുവാനോ ഉള്ള ശക്തിയില്ല."– EGW Comments, The SDA Bible Commentary, Vol-6, p-1094."

**ചർച്ചാ ചോദ്യങ്ങൾ :**

1. വാഗ്ദത്തങ്ങൾ എന്ന സമ്പൂർണ്ണ ആശയത്തെക്കുറിച്ചു ചിന്തിക്കുക, പ്രത്യേകിച്ച് ലംഘിക്കപ്പെട്ടവ. നിങ്ങളോടുള്ള വാഗ്ദത്തങ്ങൾ ലംഘിച്ചവരെക്കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു? ഒരു വ്യക്തി അത് പാലിക്കാൻ ഉദ്ദ്യേശിച്ചിരുന്നെന്നും പിന്നീട് അതിന് കഴിഞ്ഞില്ലെന്നും അല്ലെങ്കിൽ അവനോ അവളോ മനസ്സു മാറ്റിയെന്നും അല്ലെങ്കിൽ ആ വ്യക്തി ഒരിക്കലും അതു പാലിക്കാൻ ആഗ്രഹിച്ചിരുന്നില്ലെന്നും നിങ്ങൾ തിരിച്ചറിയുകയും ചെയ്താൽ എത്ര മാത്രം വ്യത്യാസമാണ് അതുണ്ടാക്കിയത്? ആ വാഗ്ദത്തം ലംഘിച്ചശേഷം നിങ്ങളുടെ വിശ്വാസ്യതയുടെ അളവിന് എന്തു സംഭവിച്ചു, കാരണം എന്തുതന്നെ ആയാലും? നിങ്ങൾക്കു ദൈവത്തിന്റെ

വാഗ്ദത്തങ്ങളിൽ ആശ്രയിക്കാം എന്നറിയുന്നത് നിങ്ങൾക്ക് എന്ത് അർത്ഥമാക്കുന്നു? അല്ലെങ്കിൽ ഒരുപക്ഷേ ചോദ്യമിതായിരിക്കണം, ഒന്നാമതായി ദൈവത്തിന്റെ വാഗ്ദത്തങ്ങളെ ആശ്രയിക്കാൻ നിങ്ങൾക്ക് എങ്ങനെ പഠിക്കാം?

2. ദൈവം നമുക്കു നല്ക്കുന്ന പ്രധാനസത്യങ്ങളെക്കുറിച്ചുള്ള ദർശനം നമുക്ക് നഷ്ടമാകുംവിധം നമ്മുടെ ചുറ്റുപാടുകളാൽ നാം ദുഷിക്കപ്പെടുന്നതിന്റെ അപകടങ്ങൾ ഏതെല്ലാം വിധത്തിലാണ്? ആ ദുഷിപ്പിക്കുന്ന സ്വാധീനങ്ങൾ എന്താണെന്ന് നമുക്ക് നമ്മെത്തന്നെ എങ്ങനെ ബോധ്യപ്പെടുത്താം, പിന്നീട് അവയെ നമുക്കെങ്ങനെ അതിജീവിക്കാം?

**സംഗ്രഹം:**

ദൈവം അബ്രഹാമിനോടു ചെയ്ത വാഗ്ദത്തത്തെ സീനായിൽ ന്യായപ്രമാണം നല്കിയത് അസാധുവാക്കിയില്ല, വാഗ്ദത്തത്തിന്റെ വ്യവസ്ഥകൾ ന്യായപ്രമാണം മാറ്റിയതുമില്ല. ന്യായപ്രമാണം നല്കപ്പെട്ടത് ജനങ്ങൾക്ക് അവരുടെ പാപത്തിന്റെ വ്യാപ്തിയെക്കുറിച്ച് ശരിയായ ബോധ്യമുണ്ടാകാനും അബ്രഹാമിനും അവന്റെ സന്തതികൾക്കും ദൈവം നല്കിയ വാഗ്ദത്തത്തിന്റെ ആവശ്യകത അവർ തിരിച്ചറിയാനുമാണ്.